**ക്രമപ്രശ്നം**

ബില്ലിലെ അപാകത സംബന്ധിച്ച്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 303 പ്രകാരം താഴെപ്പറയുന്ന ക്രമപ്രശ്നം ഇവിടെ അവതരിപ്പിക്കുകയാണ്. 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബില്ലിന്റെ 3-ാം വകുപ്പിൽ പറയുന്നത് പ്രകാരം, 'വർഗ്ഗീയ ലഹളയിലോ ബന്ദിലോ ഹർത്താലിലോ പ്രകടനത്തിലോ മാർച്ചിലോ ഘോഷയാത്രയിലോ റോഡ് ഗതാഗതം തടയലിലോ പങ്കെടുക്കുന്ന ഏതൊരാളും നാശനഷ്ടം ഉണ്ടാക്കുന്ന പ്രവർത്തി ചെയ്യാൻ പാടുള്ളതല്ല' എന്നാണ്. ഇതിലെ വർഗ്ഗീയ ലഹള എന്ന പദം ഹർത്താൽ, പ്രകടനം, മാർച്ച്, ഘോഷയാത്ര, ഗതാഗതം തടയൽ എന്നീ വാക്കുകളുടെ സമാന സ്വഭാവമുള്ള പദമായാണ് ഉപയോഗിച്ചിരിക്കുന്നത്. അതുവഴി വർഗ്ഗീയലഹളയെ ലഘൂകരിക്കുകയും വർഗ്ഗീയലഹളയിൽ പങ്കെടുക്കുന്നതിന് നിരോധനമില്ലെന്നും അതിൽ നാശനഷ്ടം ഉണ്ടാക്കുന്ന പ്രവർത്തി ചെയ്യുന്നതിലാണ് നിരോധനമെന്നുമാണ് ധ്വനിപ്പിക്കുന്നത്. Interpretation of Statutes-ൽ നിയമനിർമ്മാണത്തിൽ

ശ്രദ്ധിക്കേണ്ട അടിസ്ഥാന തത്വങ്ങളിലൊന്നായ Ejusdem Generis principle-ൽ പറയുന്നത്, The rule of Ejusdem Generis must be applied with great caution, because, it implies a departure from the natural meaning of words, in order to give them a meaning on a supposed intention of the legislature., എന്നാണ്. കൂടാതെ ഈ ചട്ടം അനുസരിച്ച്, The rule requires that the specific words are all of one genus, in which case, the general words may be presumed to be restricted to that genus. അതായത് സമാനസ്വഭാവമുള്ള പദങ്ങൾ മാത്രമേ ഒരുമിച്ച് ഉപയോഗിക്കാവൂ. ഈ ബില്ലിൽ പറയുന്ന ഹർത്താൽ, പ്രകടനം, മാർച്ച്, ഘോഷയാത്ര, ഗതാഗതം തടയൽ എന്നിവപോലെ സമാന സ്വഭാവമുള്ള ഒന്നല്ല വർഗ്ഗീയ ലഹള. അതുപോലെ ബന്ദും നിയമവിരുദ്ധ പ്രവർത്തനമാണ്. നിയമനിർമ്മാണത്തിൽ പുലർത്തേണ്ട സൂക്ഷ്മത കാണിക്കാതെയാണ് സഭയുടെ മുമ്പാകെ ബിൽ പാസ്സാക്കാൻവേണ്ടി അവതരിപ്പിച്ചിട്ടുള്ളത്. ആവശ്യമായ കരുതലും ശ്രദ്ധയും കൃത്യതയും പാലിക്കാതെ നിയമം നിർമ്മിക്കുന്നതും അത്തരത്തിലുള്ള നിയമം പാസ്സാക്കാൻ അനുവദിക്കുന്നതും ദൂരവ്യാപകമായ പ്രത്യാഘാതം ഉണ്ടാക്കും. ഇത്

നിയമനിർമ്മാണത്തിൽ ആശാസ്യമല്ല. അതുകൊണ്ട് ബില്ലിൽ കടന്നുകൂടിയിട്ടുള്ള ഈ ഗുരുതരമായ തെറ്റ് പരിഹരിച്ചുകൊണ്ടുമാത്രമേ ബിൽ പാസ്സാക്കാൻ അനുവദിക്കാവൂ എന്നതിന് ബഹുമാനപ്പെട്ട സ്പീക്കർ ആവശ്യമായ റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെ ഉയർത്തിയ ക്രമപ്രശ്നം, ക്രമപ്രശ്നമല്ലായെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയതിന്റെ ഭാഗമായി ഇതിനിപ്പോൾ പ്രസക്തിയില്ല. എന്നാൽ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് ഒരു വ്യക്തത സ്വാഭാവികമായും ഉണ്ടാകേണ്ടതായിട്ടുണ്ട്. Interpretation of Statutes-ൽ നിയമനിർമ്മാണത്തിൽ ശ്രദ്ധിക്കേണ്ട അടിസ്ഥാന തത്വങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് Ejusdem Generis. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി പറഞ്ഞത് ശരിയാണ്. പക്ഷേ അതിന് ഇതുമായി യാതൊരു ബന്ധവുമില്ല. അക്കമിട്ട് ഏതാനും കാര്യങ്ങൾ പറഞ്ഞതിനുശേഷം "മുതലായവ" എന്ന പദം ഉപയോഗിച്ചാൽ ആ മുതലായവയിൽ പറയുന്ന കാര്യങ്ങൾ അക്കമിട്ട് പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക്

സമാനസ്വഭാവമുള്ള കാര്യമായിരിക്കണമെന്ന ആഖ്യാന തത്വമാണ് Rule of Interpretation of Statutes-ലെ Ejusdem Generis എന്ന് പറയുന്നത്. ഉദാഹരണത്തിന് pencil, paper, pen Et cetera എന്നുപയോഗിച്ച് കഴിഞ്ഞാൽ " Et cetera" എന്ന് പറയുന്നതിന് സമാന സ്വഭാവമുണ്ടാകണം. അപ്പോൾ സ്റ്റേഷനറി സാധനങ്ങൾ അതിൽപ്പെടും. അതുപോലെയല്ല ഇവിടെ. ഈ ബില്ലിൽ പ്രധാനപ്പെട്ടൊരു ഭാഗം ഡാമേജിംഗ് ആക്ടാണ്. ഡാമേജിംഗ് ആക്ടിൽ എന്തൊക്കെയാണ് വരിക, ഏതൊക്കെ കുറ്റങ്ങൾ ചെയ്താലാണ് ഡാമേജിംഗ് ആക്ടിൽ വരുന്നത്, ആരൊക്കെ ചെയ്യുന്നതാണ് ഡാമേജിംഗ് ആക്ടിൽ വരുന്നത് എന്നാണ് പറഞ്ഞിട്ടുള്ളത്. അല്ലാതെ വർഗ്ഗീയ ലഹള നടത്തുന്നവരും സാധാരണ പ്രകടനം നടത്തുന്നവരും ഒരേ രൂപത്തിലുള്ള സ്വഭാവക്കാരാണെന്ന് എവിടെയും പറഞ്ഞിട്ടില്ല. ഇതൊരു തെറ്റായ ധാരണയുടെ ഭാഗമായി വന്നതാണ്. ശ്രീ. മഞ്ഞളാംകുഴി അലിക്ക് നിയമത്തിലുള്ള അഗാധമായ വിജ്ഞാനം ഇവിടെ പ്രകടിപ്പിച്ചതിൽ വളരെ നന്ദിയുണ്ട്. ഇത്തരം കാര്യങ്ങൾ വരുന്നത് നമ്മുടെ നിയമനിർമ്മാണത്തിന് ഏറ്റവും ആരോഗ്യകരമായിട്ടുള്ള കാര്യവുമാണ്. അതുകൊണ്ട് ഒരു രൂപത്തിലുമുള്ള ക്രമപ്രശ്നം ഇതിലില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. മഞ്ഞളാംകുഴി അലി, ചട്ടം റൂൾ ചെയ്യേണ്ട ആവശ്യം ഇവിടെ ഉണ്ടെന്നുതോന്നില്ല. 303 പ്രകാരം ഉന്നയിക്കാനായി എഴുതി നൽകിയ കാര്യം യഥാർത്ഥത്തിൽ 303-ന്റെ പരിധിയിലല്ല വരുന്നത്. ബില്ലിന്റെ വകുപ്പ് തിരിച്ചുള്ള പരിഗണനയിൽ ബഹുമാനപ്പെട്ട അംഗത്തിന് ഭേദഗതി മൂവ് ചെയ്തുകൊണ്ട് സംസാരിക്കാവുന്നതും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി തീരുമാനത്തിലെത്താൻ ശ്രദ്ധിക്കാവുന്നതുമാണ്.